## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 18** **16-09-2025 - ൽ മറുപടിയ്ക്ക്**

## നവകേരള സദസ്സിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിലെ നവകേരള സദസ്സ് പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | നവകേരള സദസ്സിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | നവകേരള സദസ്സിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>1)നവകേരള സദസ്സിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ "Construction of Check dam cum bridge across Pampa river at Moolakkayam in ward No.12 of Erumely panchayath in Poonjar Constituency" എന്ന പ്രവൃത്തിക്ക് 02.09.2025-ലെ സ.ഉ.സാധാ നമ്പർ 745/2025/WRD പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2)കോട്ടയം ജില്ലയിലെ പൂഞ്ഞാർ മണ്ഡലത്തിൽ നിർമിച്ചു വരുന്ന തിലകൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ രണ്ടാം ഘട്ടത്തിന് അടങ്കൽ തുകയായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ കോട്ടയം ജില്ലയിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ മുണ്ടക്കയം ബസ് സ്റ്റാന്റ് ഭാഗത്ത് നടന്നു വരുന്ന ടി നിർമാണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായിട്ടുള്ളതും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിനായി ബഹുമാനപ്പെട്ട പൂഞ്ഞാർ എം. എൽ. എ പ്രൊപോസൽ സമർപ്പിക്കുകയും തുടർന്നു പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, സ്ഥലം എന്നിവ സംബന്ധിച്ച് മുണ്ടക്കയം ഗ്രാമ പഞ്ചായത്ത് സമ്മത പത്രം ലഭ്യമാക്കിയിട്ടുണ്ട്. Total plinth area : 1497.74 ചതുരശ്ര മീറ്റർ ആണ്. ഇതിൽ ആദ്യ ഘട്ടമായി 304 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള താഴത്തെ നിലയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ശേഷിക്കുന്ന 1194 ചതുരശ്ര മീറ്റർ വരുന്ന ഒന്നാം നിലയുടെയും |

| | | | |
|---|---|---|---|
| | | | ഓഡിറ്റോറിയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, നവകേരള സദസ്സ് പ്രഖ്യാപനങ്ങളിന്മേൽ മുൻഗണന നിശ്ചയിച്ച് നൽകിയതും കോട്ടയം ജില്ലയിൽ പൂഞ്ഞാർ മണ്ഡലത്തിൽ അന്തരിച്ച നടൻ തിലകന്റെ സ്മരണാർത്ഥം നിർമിച്ചു വരുന്ന തിലകൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണയിലാണ്. |

സെക്ഷൻ ഓഫീസർ